"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ബേപ്പൂർ തുറമുഖത്തെ M/s ACE നിർമ്മിത പിക്ക് & ക്യാരി ക്രെയിനുകളായ എയ്സ് നം. 1, എയ്സ് നം. 2 എന്നി ക്രെയിനുകളിലെ വയർ റോപ്പുകൾ മാറ്റി പുതിയത് സ്ഥാപിച്ച പ്രവർത്തി സാധൂകരിച്ച് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.47/2026/F&P തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 6/1/2026 ലെ HOKMB-TVM/1227/2025-D1 (Tech) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബേപ്പൂർ തുറമുഖത്തെ M/s. ACE നിർമ്മിത പിക്ക് & ക്യാരി ക്രെയിനുകളായ എയ്സ് നം. 1, എയ്സ് നം. 2 എന്നീ ക്രെയുനുകളിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന വയർ റോപ്പുകൾക്ക് കാലപ്പഴക്കവും, നിരന്തരമായ ഉപയോഗം എന്നിവ കാരണത്താൽ തകരാറുകൾ സംഭവിച്ചിരിക്കുന്നതിനാൽ ആയവ മാറ്റി പുതിയവ ലഭ്യമാക്കി ഘടിപ്പിക്കേണ്ടതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (എം), ബേപ്പൂർ അറിയിച്ചതായും ആയത് ലഭ്യമാക്കുന്നതിന് (204 മീറ്റർ 18/7-13 mm core വയർ റോപ്പ്) എയ്സ് പിക്ക് & ക്യാരി ക്രെയിനുകളുടെ അംഗീകൃത സർവ്വീസ് / വിതരണ ഏജൻസിയായ മെ.ടോറസ് എക്യുപ്മെന്റ്സ്, എറണാകുളം എന്ന സ്ഥാപനത്തിന്റെ 40,800/- രൂപയുടെ ബഡ്ജറ്ററി ഓഫർ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് തുറമുഖ ഓഫീസർ സമർപ്പിക്കുകയും ക്രെയിനുകളുടെയും, തുറമുഖത്തിന്റെയും സുഗമവും, സുരക്ഷിതവുമായ പ്രവർത്തനത്തിന് മേൽ വയർ റോപ്പുകൾ അത്യന്താപേക്ഷിതമായതിനാൽ അടിയന്തര സാഹചര്യം കണക്കിലെടുത്ത് മേൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അനുമതി ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും അനുവദിക്കുകയുണ്ടായി. ആയത് പ്രകാരം മേൽ പ്രവർത്തി PWD code ലെ വ്യവസ്ഥകൾക്ക് വിധേയമായി കോഴിക്കോട് തുറമുഖ ഓഫീസർ നടപ്പിലാക്കി 40,800/- രൂപ യുടെ ബിൽ സമർപ്പിക്കുകയുണ്ടായെന്നും ടി സാഹചര്യത്തിൽ, ബേപ്പൂർ തുറമുഖത്തെ M/s. ACE നിർമ്മിത പിക്ക് & ക്യാരി ക്രെയുനുകളായ എയ്സ് നം. 1, എയ്സ് നം. 2 എന്നി ക്രെയിനുകളിലെ വയർ റോപ്പുകൾ മാറ്റി പുതിയത് സ്ഥാപിച്ച പ്രവർത്തി സാധൂകരിച്ച് 40,800/- രൂപയുടെ ഭരണാനുമതി '5051-80-800-98 Augmentation of Workshop and Stores Organisation 19 Machinery and Equipments"" എന്ന ശീർഷക ത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരി ക്കണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ്

ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബേപ്പൂർ തുറമുഖത്തെ M/s. ACE നിർമ്മിത പിക്ക് & ക്യാരി ക്രെയിനുകളായ എയ്സ് നം. 1, എയ്സ് നം. 2 എന്നി ക്രെയിനുകളിലെ വയർ റോപ്പുകൾ മാറ്റി പുതിയത് സ്ഥാപിച്ച പ്രവൃത്തി സാധൂകരിച്ച് 40,800/- രൂപയുടെ ഭരണാനുമതി '5051-80-800-98 Augmentation of Workshop and Stores Organisation 19 Machinery and Equipments'''' എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shajish P
സെക്ഷൻ ഓഫീസർ
Date: 20-01-2026 11:50:04